Santhigiri

ഗുരുവാണി

"ഏത് ദുഃഖത്തെയുമറിഞ്ഞ് സ്നേഹമായി പെരുമാറി അതറിഞ്ഞനുഭവപ്പെടുത്തി താനായി മാറുക. അപ്പോൾ ദുഃഖത്തിന്റെ ഇരിപ്പിടവും സുഖത്തിന്റെ ഇരിപ്പിടവും താൻ തന്നെയാണെന്ന് അറിയാനാകും. "

# ഉണ്മനിതകം

VOL 05 | ISSUE 02 | 2019 ജനുവരി 13 | 1194 ധനു 29

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# വ്രതസങ്കല്പങ്ങളുടെ നിറധന്യതയിലേക്ക് ശാന്തിഗിരി പൂജിതപീഠം സമർപ്പണം വ്രതാരംഭം ഇന്നുമുതൽ

**സ്പിരിച്ചൽ സോൺ:** പൂജിതപീഠം സമർപ്പണം വാർഷികാഘോഷങ്ങളുടെ ഭാഗമായുള്ള 41 ദിവസത്തെ വ്രതസങ്കല്പങ്ങൾക്കും പ്രാർത്ഥനകൾക്കും ഇന്ന് തുടക്കമാകും. ലോകമെമ്പാടുമുള്ള ഗുരുഭക്തർ പ്രാർത്ഥനാനിർഭരമായി ഈ സങ്കല്പ കർമ്മങ്ങളിൽ പങ്കാളികളാകും. കേന്ദ്രാശ്രമത്തിലും ആശ്രമം ബ്രാഞ്ചുകളിലും രാവിലെ 6 മണിയുടെ ആരാധനയ്ക്കു ശേഷം പുഷ്പസമർപ്പണവും പ്രത്യേക പ്രാർത്ഥനകളും നടക്കും.

ഗുരുശിഷ്യബന്ധത്തിന്റെ ആധാരശിലയാണ് പീഠ സങ്കല്പം. എന്നാൽ കാലപ്രവാഹത്തിൽ ആചാരാനുഷ്ഠാനത്തിന്റെ ഒരു ഭാഗമായി ഇതു മാറുകയുണ്ടായി. ഗുരുശിഷ്യബന്ധത്തിന്റെ പരിപൂർണ്ണത വീണ്ടെടുത്തുകൊണ്ട് ശാന്തിഗിരി ഗുരുപരമ്പരയിൽക്കൂടി ബ്രഹ്മസാന്നിധ്യമരുളുന്ന പൂജിതപീഠം പ്രതിഷ്ഠിതമാവുകയുണ്ടായി.

ഗുരു പ്രതിഷ്ഠിച്ച പീഠത്തിനുമുമ്പിൽ വണങ്ങി സങ്കല്പത്തിലിരിക്കുമ്പോൾ സകല ആകാശങ്ങളും പ്രകാശസീമകളും കടന്ന് സത്യപ്രകാശമായി നിൽക്കുന്ന ഗുരു പരമ്പരമാണെന്ന് ശിഷ്യർ അനുഭവത്തിലറിയുന്നു. പൂർവ്വപരമ്പരകളിൽ സാധാരണ ഭക്തർക്ക് അപ്രാപ്യമാണ് പീഠദർശനവും പീഠ പൂജയും. ചില പരമ്പരകൾക്ക് 12 വർഷത്തിലൊരിക്കലേ പീഠ ദർശനം അനുവദിച്ചിരുന്നുള്ളു. ഈ വിധം അസുലഭമായ ഒരു മഹാധന്യതയെയാണ് കരുണാമയനായ ഗുരു സകല ജനങ്ങൾക്കും വന്ദിക്കാനും പൂജിക്കാനും ആരാധിക്കാനും അവസരമൊരുക്കിയിരിക്കുന്നത്.പരബ്രഹ്മസാന്നിധ്യം പ്രകാശിക്കുന്ന ശാന്തിഗിരിയിലെ പൂജിതപീഠം സർവ്വ മനുഷ്യരുടെയും മോചനമാർഗ്ഗമൊരുക്കിയ മഹാഗുരു ദാനം നൽകിയ കനിവാണ്.

ഗുരുവിൽ സദാ സ്പന്ദനമുളവാക്കുന്ന ശിഷ്യനുമാത്രമേ സകലധർമ്മങ്ങൾക്കും ആത്മാവായ ഗുരുവിനേ സാക്ഷാത്കരിക്കാനും ലോകസമക്ഷം വെളിപ്പെടുത്താനും കഴിയൂ. ഇതാണ് സദാ അനുഭവസ്ഥിതിയിൽ നിലകൊള്ളുന്ന ഗുരുശിഷ്യബന്ധം.

ഗുരുവിന്റെ വാക്ക് വിശ്വസിച്ച് പ്രവർത്തിച്ച് ഗുരുവിനെ സത്യമായും ദൈവമായും അനുഭവപ്പെടുത്തുന്ന ആ ശിഷ്യനാണ് ഗുരുവിന്റെ ആശയത്തെ പ്രതിനിധീകരിക്കാനുള്ള അവകാശം ദൈവദത്തമായി കൈവരുന്നത്. ആ ആശയത്തെ തെറ്റാതെ പ്രവർത്തിച്ചും പ്രവർത്തിപ്പിച്ചും ഗുരുവിൽ ആർജിതമായിരിക്കുന്ന സകല ജ്ഞാനവും ആദ്ധ്യാത്മിക നിയമങ്ങളും സ്വായത്തമാക്കി ആത്മാരാമനായി ഭവിച്ച് ഗുരുവിന്റെ കാലശേഷം ഗുരുവിനേപ്പോലെതന്നെ ഗുരുവിന്റെ ആശയത്തേയും പ്രസ്ഥാനത്തേയും നയിക്കാൻ ആ ശിഷ്യനു കഴിയും. പക്ഷേ ആ ശിഷ്യൻ ഗുരു അനുഭവിച്ചതിന് തുല്യമായ ദുഃഖം തന്റെ ജീവിതത്തിൽ അനുഭവിക്കേണ്ടി വരും.

പൂജിതപീഠം സമർപ്പണം വാർഷികദിനമായ ഫെബ്രുവരി 22 ന് നടത്തുന്ന അർദ്ധവാർഷിക കുംഭമേളയോടെ വ്രതസങ്കല്പ പ്രാർത്ഥനകൾ ഗുരുപാദങ്ങളിൽ സമർപ്പിതമാകും.

## അഭിവന്ദ്യ ശിഷ്യപൂജിത സംസാരിക്കും

**സ്പിരിച്ചൽ സോൺ:** ജനുവരി 14 തിങ്കളാഴ്ച വൈകുന്നേരം 6 മണിയുടെ ആരാധനയ്ക്കുശേഷം അഭിവന്ദ്യശിഷ്യപൂജിത പരമ്പരയോട് സംസാരിക്കുന്നതാണ്.

## ഗുരുധർമ്മ പ്രകാശസഭ അംഗങ്ങളുടെ ചുമതലകൾ പുനഃക്രമീകരിച്ചു

**സ്പിരിച്ചൽ സോൺ:** ജനുവരി 9 ന് ചേർന്ന ആശ്രമം ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം ഗുരുധർമ്മപ്രകാശസഭ അംഗങ്ങളുടെ ചുമതലകൾ പുനഃക്രമീകരിച്ചു.

**ജനനി കല്പന ജ്ഞാനതപസ്വിനി** - *ഹെഡ് (സർവ്വീസസ്) സ്പിരിച്വൽ സോൺ ഓപ്പറേഷൻസ്*

**സ്വാമി ഭക്തദത്തൻ ജ്ഞാനതപസ്വി** - *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ന്യൂഡൽഹി സോൺ, അഡീഷണൽ ചാർജ്-ശാന്തിഗിരി ആശ്രമം, ഗുവാഹട്ടി റീജിയൺ, രാജസ്ഥാൻ റീജിയൺ, മേഘാലയ റീജിയൺ & ബാംഗ്ലൂർ റീജിയൺ.*

**സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി** - *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷൻ, അഡീഷണൽ ചാർജ് - എനർജി &എൻവയോൺമെന്റ്*

**സ്വാമി മധുരനാദൻ ജ്ഞാനതപസ്വി** - *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, തലശ്ശേരി ഏരിയ, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം കണ്ണൂർ ഏരിയ*

**സ്വാമി ആനന്ദജ്യോതി ജ്ഞാനതപസ്വി** - *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) പ്ലാനിംഗ്&ഡെവലപ്മെന്റ്*

**സ്വാമി മനുചിത്ത് ജ്ഞാനതപസ്വി** - *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, മലപ്പുറം ഏരിയ, അഡീഷണൽ ചാർജ്- ശാന്തിഗിരി ആശ്രമം, കൊയിലാണ്ടി ഏരിയ*

**സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി** - *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ഫിനാൻസ്, അഡീഷണൽ ചാർജ് - മാർക്കറ്റിംഗ്, ശാന്തിഗിരി ഹെൽത്ത്കെയർ പ്രോഡക്ട്സ്.*

**സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വി** - *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, തൃശൂർ ഏരിയ, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, കോയമ്പത്തൂർ ഏരിയ.*

**സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി** - *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ഓപ്പറേഷൻസ്, അഡീഷണൽ ചാർജ്-എസ്റ്റേറ്റ്സ്&അസറ്റ്സ്, ശാന്തിഗിരി ആശ്രമം, നെയ്യാറ്റിൻകര ഏരിയ.*

**സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി** - *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ഫുഡ് സർവ്വീസസ്, അഡീഷണൽ ചാർജ് - സേഫ്റ്റി*

**സ്വാമി ജനപുഷ്പൻ ജ്ഞാനതപസ്വി** - *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, തൂക്കുപാലം ഏരിയ, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, കമ്പം ഏരിയ.*

**സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വി** - *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ഹരിപ്പാട് ഏരിയ, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, കരുനാഗപ്പള്ളി ഏരിയ.*

**സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി**- *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, പത്തനംതിട്ട ഏരിയ, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, കൊല്ലം ഏരിയ*

**സ്വാമി ചന്ദ്രദീപ്തൻ ജ്ഞാനതപസ്വി** - *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, വടകര ഏരിയ, അഡീഷണൽ ചാർജ്- ശാന്തിഗിരി ആശ്രമം, കാസർകോട് ഏരിയ*

**ഡോ. ജനനി ശ്യാമരൂപ ജ്ഞാനതപസ്വിനി** - *പഠനം*

**ജനനി കൃപ ജ്ഞാനതപസ്വിനി** - *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി സോഷ്യൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, അഡീഷണൽ ചാർജ് - ശാന്തിഗിരി വിദ്യാഭവൻ ഹയർസെക്കന്ററി സ്കൂൾ*

**ജനനി രേണുരൂപ ജ്ഞാനതപസ്വിനി** - *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ഗുരുമഹിമ*

**ജനനി പ്രമീള ജ്ഞാനതപസ്വിനി** - *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി മാതൃമണ്ഡലം*

**ജനനി മംഗള ജ്ഞാനതപസ്വിനി** - *ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ഹെൽത്ത് & ഫാമിലി വെൽഫെയർ, അഡീഷണൽ ചാർജ്- ശാന്തിഗിരി സുഖംതരും പുടവ.*



*'ശാന്തി' മൂല്യ നൈപുണ്യപദ്ധതി സ്വാമി ചൈതന്യ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു*

## 'ശാന്തി' മൂല്യ നൈപുണ്യ പദ്ധതിക്ക് ശ്രദ്ധേയമായ തുടക്കം

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘവും ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റും സൈനാപ്സ് മെന്ററിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടപ്പിലാക്കുന്ന 'ശാന്തി' മൂല്യ നൈപുണ്യ പദ്ധതിക്ക് തുടക്കമായി. ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി പദ്ധതി ഉദ്ഘാടനം ചെയ്തു. കുട്ടികളെ സൂക്ഷിച്ച് വളർത്തേണ്ട കാലമാണിത്. ഈ സൂക്ഷിപ്പ് ശാന്തിഗിരിയിൽ ആരംഭിക്കുന്നത് ആ കുട്ടിയുടെ ജീവന്റെ ഉത്ഭവസമയം മുതലാണെന്നും സ്വാമി ഉദ്ഘാടന പ്രഭാഷണത്തിൽ സൂചിപ്പിച്ചു. ആശ്രമം പ്രസിഡന്റ് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി അധ്യക്ഷനായിരുന്നു. സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ഡോ. റ്റി.എസ് സോമനാഥൻ, ഡോ. കെ.ആർ.എസ് നായർ, ടി.കെ ഉണ്ണികൃഷ്ണപ്രസാദ്, എം.പി പ്രമോദ്, ഹെർമ്മൻ നെന്നിംഗ്, അരുൺ രവി തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് ബ്രഹ്മനായകം മഹാദേവൻ നയിച്ച ക്ലാസ്സ് കുട്ടികൾക്ക് രസകരമായ ഒരനുഭവമായിരുന്നു.

# ഗുരുവാണി

നമ്മുടെ കർത്തവ്യം കലിയുഗത്തിലെ കലിയെ മനുഷ്യനാക്കിയെടുക്കുക എന്നതാണ്. അതു വളരെ ശ്രമകരമാണ്. ഇന്നത്തെ ഡോക്ടർമാരുടെ വേഷം കണ്ടാൽ രോഗി അപ്പോഴേ ചാകും. സാമൂതിരി തോറ്റപ്പോൾ സായ്പന്മാരെ വാഴ്ത്തിയ അറിവാണ് നമ്മുടെ പൂർവ്വികന്മാരുടേത്. പാശ്ചാത്യർ ഇവിടെ വന്ന് അവരുടെ വേഷവും സംസ്കാരവും പകർന്നു. നമ്മളെ അവർ ഭരിക്കുകയും ഭരിക്കാൻ പഠിപ്പിക്കുകയും ചെയ്തു. പാവങ്ങൾക്ക് അനുകരിക്കാനല്ലേ കഴിയൂ. വൈസ്രോയി പറയുന്നത് രാജാവിന് അനുസരിക്കേണ്ടി വന്നു. ജനങ്ങൾ അടിമകളുമായി. നമ്മുടെ സംസ്കാരവും മതവും ആചരണങ്ങളും എന്നല്ല, പൈതൃകവും നമുക്ക് അന്യമായി. ഫിലോസഫി പഠിച്ചവന് ചരിത്രം അവന്റേത്, നമ്മുടെ സംസ്കാരം കേവലും കഥയും.

ഒന്നു നാം വ്യക്തമായി മനസിലാക്കേണ്ടതുണ്ട്. കലിയിൽ ദേവന് സ്ഥാനമില്ല. കലിയിൽ ഗുരുവിനാണ് സ്ഥാനം. ഇത്, നാലാം പാദത്തിൽ അനവധി മഹാത്മാക്കൾ വന്നു പറഞ്ഞു. പക്ഷേ നമ്മൾ എടുത്തില്ല. ദൈവത്തിൽ നിന്ന് വാക്കു കിട്ടുമെന്ന് മോശ പറഞ്ഞപ്പോൾ സമകാലീനർ കളിയാക്കി. രണ്ടായിരം കൊല്ലം കഴിഞ്ഞ് യേശു വന്നു പറഞ്ഞപ്പോൾ ക്രൂശിച്ചു. പക്ഷേ വിശ്വസിച്ചവന് യേശു പ്രത്യക്ഷനായി. പാവപ്പെട്ട മുക്കുവരായാലും അവർ വാശിയോടെ പ്രവർത്തിച്ചു. ഇരുപത്തിയൊന്ന് ആണ്ട് കടുത്ത കുരിശുയുദ്ധം പോലും അവർക്ക് സഹിക്കേണ്ടി വന്നു. എന്നാൽ എത്രയോ മടങ്ങായി അവർ വർദ്ധിച്ചുകൊണ്ടിരുന്നു. ഭരണം പോലും മറിച്ചെടുത്തു. അക്കൂട്ടത്തിൽ ഭാരതത്തിലും വന്നൊരു ഉപകാരം ചെയ്തു. മാടൻ മത്തായി എന്ന പേരു സ്വീകരിച്ചാൽ വഴിയിൽക്കൂടി നടക്കാമെന്ന നിലവന്നു.

വർണാശ്രമധർമത്തിൽ ബ്രാഹ്മണന് പരമസുഖമായിരുന്നു. ക്ഷത്രിയന് ഭരണവും വൈശ്യന് കച്ചവടവും. ശൂദ്രനെ ഒന്നിലും പെടുത്താതെ വെളിയിലാക്കി. അവന് അറിവും ധർമബോധവുമില്ല. അനുകരിക്കാനേ അറിയൂ. എല്ലാ നിലയിലും സുഖിച്ചിട്ടും ശാന്തി കിട്ടാതെ പാശ്ചാത്യർ ഇവിടെ വന്ന് മുടി വളർത്തിയപ്പോൾ ഇവിടത്തെ ബീഡിതെറുപ്പുകാരനും വള്ളക്കാരനും അതു തുടങ്ങി. ഇങ്ങനെ സംസ്കാരം അധഃപതിക്കാൻ കാരണം അമ്മയ്ക്ക് അറിവില്ലാത്തതാണ്. പിതൃവിന് ശുദ്ധിയില്ല. പിതൃ ഏതു രാശിയിൽ നിൽക്കുന്നുവോ അതനുസരിച്ചേ നമ്മുടെ വീട്ടിൽ കുഞ്ഞു ജനിക്കൂ. ബുദ്ധിയും യുക്തിയുമുള്ള കുഞ്ഞ് പിതൃശുദ്ധി ചെയ്ത കുടുംബത്തിലേ ജനിക്കൂ. ഇക്കാര്യത്തിൽ ബ്രാഹ്മണൻ മുന്നിലാണ്. പിതൃശുദ്ധിയുള്ളതുകൊണ്ട് അവന്റെ കുടുംബത്തിൽ തലയുള്ളവനേ ജനിക്കൂ. എന്നാൽ ശൂദ്രന്റെ കുടുംബത്തിൽ ജനിക്കുന്നവരെല്ലാം കള്ളുകുടിയന്മാരും. അറിവും ബുദ്ധിയുമുണ്ടെങ്കിലും ഈ കള്ളുകുടിയൻ തലതിരിഞ്ഞേ നടക്കൂ.

ബ്രാഹ്മണൻ മറ്റൊരു വലിയ കുരുക്ക് ചെയ്തുവച്ചിട്ടുണ്ട്. നാലു വിവാഹത്തിൽ മൂന്നെണ്ണം സംബന്ധവും ഒന്നു വേളിയും. ബ്രാഹ്മണ ഇല്ലത്തെ പെണ്ണില്ലെങ്കിൽ അവരുടെ കർമത്തിന് പൂർത്തിയില്ല. അഥവാ പെണ്ണില്ലാതെ വന്നാൽ ഒരു യോനികുണ്ഡം പണിതുവയ്ക്കും. അതു മുദ്രയായി തന്ത്രത്തിലും കാണിക്കും. മന്ത്രവും തന്ത്രവും കണ്ടാൽ നിങ്ങൾക്ക് തൃപ്തിയാണല്ലോ. ഈ നിലയിൽ അധഃപതിച്ച നിങ്ങൾക്ക് നിങ്ങളുടെ കുട്ടികളിൽ എന്തറിവു പകരാൻ കഴിഞ്ഞിട്ടുണ്ട്?

‘ഒരൊറ്റ ആചാര്യന്മാരും പിതൃശുദ്ധി ചെയ്തിട്ടില്ല. ശങ്കരാചാര്യർ വൈദികം ചെയ്തു. ബുദ്ധൻ, എന്നെ വിശ്വസിച്ചാൽ മതി എല്ലാവരും എന്നു പറഞ്ഞു. ബുദ്ധന്റെ സ്ഥാനത്തെത്തിയ പിതൃക്കൾ തന്നെ ധാരാളമുണ്ട്. എവിടെയും എല്ലാ സ്ഥാനത്തും ഉയർന്ന പിതൃക്കൾ നിൽക്കുന്നുണ്ട്. ബുദ്ധന്റെയെന്നല്ല, ഉയർന്നുവന്നിട്ടുള്ള സകലരുടെയും സ്ഥാനത്ത് പിതൃക്കളുണ്ട്.

ബുദ്ധൻ പ്രകാശം കണ്ടു. ഖുറാനിൽ അതിനെ പ്രകാശകിരണങ്ങൾ എന്നു പറയുന്നു. ക്രിസ്ത്യാനികൾ അതിനെ പറഞ്ഞിട്ടുള്ളത് തീനാക്ക് എന്നാണ്. എല്ലാ മതവിഭാഗത്തിലുംപെട്ട ഗുരുക്കന്മാർ പറഞ്ഞ എല്ലാ കാര്യങ്ങളും നമുക്കിവിടെയുണ്ട്. ഇവിടുത്തെ കുട്ടികൾക്ക് ഇതെല്ലാം കാണാൻ കഴിയുന്നു. പിതൃശുദ്ധി ആരും ചെയ്തിട്ടില്ല എന്നു പറഞ്ഞല്ലോ. ആ കർമം പൂർണശുദ്ധിയോടെ നമ്മളിവിടെ ചെയ്യുന്നു. ഈ എല്ലാ പിതൃക്കളെയും പിടിച്ച് ഗുരുപ്രകാശത്തിൽ അണയ്ക്കുന്നു. അതിൽപ്പിന്നെ നിങ്ങൾക്ക് പിതൃവില്ല. അതായത്, പിതൃവിന്റെ ശാപം പിന്നെ നിങ്ങൾക്ക് ഏൽക്കേണ്ടി വരികയില്ല. പിതൃശുദ്ധിക്കു ശേഷം നിങ്ങൾ പരമ്പരയെ വളർത്താനാണ് നോക്കേണ്ടത്. ഇന്നു നിങ്ങൾ ചെയ്യുന്ന കർമത്തിന് ഇരുപത്തിയഞ്ചു കൊല്ലം കഴിയുമ്പോഴാണ് ഫലം ഉളവാകുന്നത്.

## വചനദീപ്തി

*എന്നിൽത്തന്നെ ആന്തരാത്മാവോടുകൂടി ശ്രദ്ധാപൂർവ്വം എന്നെ ഭജിക്കുന്നവൻ എല്ലാ യോഗികളിലും വച്ച് യോഗിശ്രേഷ്ഠനാണ്.*

**-ശ്രീ ഭഗവദ്ഗീത-**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

18.01.2019 – ജനസേവികപുരം

19.01.2019 – പോത്തൻകോട്

## യാമപ്രാർത്ഥന

2019 ജനുവരി 17, വ്യാഴം 12.00 pm – 03.00 pm

## പ്രകാശപഥം

# മാനവരാശിയുടെ അറിവിലേക്കായി

മനുഷ്യജീവിതത്തിലെ നന്മതിന്മകൾ ഓരോ വ്യക്തിയുടെയും പുണ്യത്തെയും ഭാഗ്യത്തെയും ആശ്രയിച്ചിരിക്കുന്നു. അതിൽ തിരിച്ചറിവിന്റെ ഭാഗം അതാതിന്റെ തൂക്കത്തിൽ അതാതിന്റെ സത്ത ഉൾക്കൊണ്ട് ഗതിവിശേഷമായി കർമഗതിയായി നിൽക്കുന്ന ഒന്നാണല്ലോ. അതിൽ കാലവും ഭരണചക്രം തിരിക്കുന്ന ഭാഗവും അതിലെ നന്മയെന്താണെന്നും തിരിച്ചറിഞ്ഞ് ഭരണവും ഭരണാശയവും ധർമപരമായിട്ട് കൊണ്ടുപോകണം എന്നാണല്ലോ! മനുഷ്യജീവിതത്തിന്റെ പൊരുൾ അറിഞ്ഞ് പ്രവർത്തിക്കേണ്ടതെങ്ങനെയെന്നും പ്രവർത്തിച്ചെടുക്കേണ്ടതെങ്ങനെയെന്നും ജീവന്റെ മഹിമയിലും സ്നേഹത്തിലും കൂടി തിരിച്ചറിയുന്നു.

ഓരോന്നും വേർതിരിച്ചെടുത്തു കണ്ട് അതിൽ ധർമസിദ്ധാന്തത്തിന്റെ തുടക്കം, മനുഷ്യജീവിതത്തിന്റെ ആഴത്തോളം മനസ്സിലാക്കി മനുഷ്യശേഷിയുടെ ആഴത്തോളം, ശാസ്ത്രവും ശാസ്ത്രാതീതമായ അനുഭവസിദ്ധാന്തമായി ഒരു നവ ആരോഗ്യധർമസിദ്ധാന്തം പുറത്തുവരുന്നു.ദേശകാല അറിവും ഈശ്വരസാക്ഷാത്കാരമായി കിട്ടുന്ന അറിവും ദൈവനീതിയിൽ ഗുരുവിന്റേതായിട്ട് കണ്ട് സാക്ഷ്യപ്പെടുത്തി ജനങ്ങളുടെ സകലവിധ ശാന്തിക്കും ഐശ്വര്യത്തിനും വേണ്ടി മാനവരാശിയുടെ ഇന്നലെ ഇന്ന് നാളെ എന്നുള്ള ഭാഗം മനസിലാക്കി, ഒരു നവആരോഗ്യധർമസിദ്ധാന്തമായി അനുഭവത്തിൽക്കൂടി തെളിഞ്ഞ് നാടിന്റേയും രാജ്യത്തിന്റേയും ലോകത്തിന്റേയും ഭാഗ്യമായും പുണ്യാതിരേകമായും നിൽക്കുന്ന സാക്ഷിയായി ശാന്തിഗിരിയുടെ വെളിപ്പെടുത്തൽ എന്നും നിലനിൽക്കും. ഇങ്ങനെ പ്രവർത്തിച്ചൊതുക്കാൻ ജീവിതത്തിന്റെ ധർമാധർമങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്ന കഴിവിന്റെ ഉടമസ്ഥാവകാശികൾക്കിത് തെളിവായി മാറട്ടേയെന്നും സകലവിധസന്നിധാനങ്ങളും കടന്നുവന്ന ഗുരുനിശ്ചയം അല്ലെങ്കിൽ ദൈവനിശ്ചയം അല്ലെങ്കിൽ ബ്രഹ്മനിശ്ചയം എല്ലാവരെയും അനുഗ്രഹിക്കട്ടേയെന്നും പ്രാർത്ഥിച്ചുകൊള്ളുന്നു.

# ആത്മസമർപ്പണത്തിന്റെ പൂർണ്ണസാക്ഷാത്കാരം

സംസ്കാരസമ്പന്നരായ മാതാപിതാക്കൾക്ക് സംസ്കാര ഹീനരായ മക്കൾ പിറക്കുമ്പോൾ ഉത്തരം കിട്ടാതെ നാം മൂക്കത്തു വിരൽ വയ്ക്കുന്നു. ആദർശങ്ങളിൽനിന്നും വ്യതിചലിക്കാതെ ജീവിതം മുഴുവൻ നിസ്വാർത്ഥമായി പ്രവർത്തിച്ച് പ്രസ്ഥാനങ്ങൾ കെട്ടിപ്പടുത്ത ആദ്യകാല നേതൃത്വത്തെ ചൂണ്ടിക്കാട്ടി രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങൾക്കിന്നും സംഭവിച്ചിരിക്കുന്ന ഭീതിദമായ മൂല്യത്തകർച്ചയിൽ നാം നെടുവീർപ്പിടുന്നു. മനുഷ്യാവബോധത്തിന്റെ ഉദാത്തമായ ആവിഷ്കാരങ്ങൾക്ക് സാക്ഷ്യം വഹിച്ച പൗരാണിക സംസ്കാരങ്ങളുടെ ശിഥിലീകരണവും തിരോധാനവും നാം കാണുന്നു. മനുഷ്യദുഃഖങ്ങളുടെയും ദുരിതങ്ങളുടെയും നിവാരണത്തിന് ത്യാഗപൂർണ്ണമായ സ്വജീവിതാനുഭവങ്ങളിൽക്കൂടി കണ്ടെത്തിയ ആശയവും മാർഗ്ഗവും ജീവിതത്തിൽ പകർത്താനാവാതെ വിശ്വാസജീവിതത്തിൽ വഴിതെറ്റുന്ന നിസ്സഹായരായ മനുഷ്യരാശിയെ ഓർത്ത് മഹാത്മാക്കൾ എന്നും നൊമ്പരപ്പെടുന്നു. ശ്രേഷ്ഠമായ പാരമ്പര്യങ്ങൾ പിൻഗാമികളിലേക്ക് സംക്രമിപ്പിച്ച് മനുഷ്യജീവിതത്തെ നന്മയിലേക്ക് നയിക്കാൻ കഴിയാതെപോയ ഗതികേട് കുടുംബത്തെയും ആത്മീയ സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും സംബന്ധിച്ച് ഒരേപോലെ എന്നും സാധകമായിരുന്നു.

പിൻഗാമികളുടെ ജീവിതരീതിയെയും ജീവിതസംസ്കാരത്തെയും എത്രകണ്ട് മാറ്റിയെടുക്കാൻ സാധിക്കുന്നോ എന്നതനുസരിച്ചായിരിക്കും ഏതൊരു ദർശനത്തിന്റെയും സിദ്ധാന്തത്തിന്റെയും പ്രസക്തിയും നിലനിൽപ്പും. പുതിയ ആശയം വിശ്വാസവഴിയിൽ സ്വീകരിക്കുമ്പോഴും വാസനാമയമായി ജീവനിൽനിലനിൽക്കുന്ന പഴയ ജീവിത സംസ്കാരം നിവാരണം ചെയ്യാൻ മനുഷ്യന് എന്നും കഴിയാതെ വരുന്നു. ഇതായിരുന്നു മഹാത്മാക്കളുടെ ആശയങ്ങൾക്കനുസരിച്ച് മാനവരാശിക്ക് ഇന്നോളം ജീവിക്കാൻ കഴിയാതെപോയതിന്റെ കാരണം. അങ്ങനെയൊരു ജീവിതം സാധിതമാക്കുന്ന ഒരു ആത്മീയ ഭൗതിക വ്യവസ്ഥിതിക്കകത്ത് തലമുറകളെ നിതാന്തജാഗ്രതയിൽ ആഗ്രഹിപ്പിച്ച് ജീവിപ്പിക്കുവാനും അവർക്ക് സ്വയം ജീവിക്കുവാനും പര്യാപ്തമായ മാർഗ്ഗദർശനം ഉണ്ടാകാതെ പോയി. നിശ്ചയദാർഢ്യത്തോടെയുള്ള അത്തരമൊരു ജീവിതംകൊണ്ട് പഴയ വാസനകളുടെ ഒഴിഞ്ഞുപോകലിൽ കൂടി പുതിയ സംസ്കാരം പ്രതിഷ്ഠിതമാകും. ഗുരുവിനെ സാക്ഷാത്കരിച്ച ശിഷ്യർ ഇല്ലാതെ പോയതായിരുന്നു പ്രസ്ഥാനങ്ങൾ ജീർണ്ണിതമാകാനും പൂർവ്വാചാര്യന്മാരുടെ കർമ്മങ്ങൾ യാഥാർത്ഥ്യമാകാതെ പോയതിനും കാരണം. ഗുരുവിനെ സാക്ഷാത്കരിച്ച ശിഷ്യൻ ഉണ്ടാവുക എന്നത് ഗുരുവിന്റെ വലിപ്പത്തെയാണ് പ്രകാശിപ്പിക്കുന്നത്. ശ്രീകൃഷ്ണപരമാത്മാവിനും ബുദ്ധനും ക്രിസ്തുവിനും നബിക്കും അവരുടെ ദൗത്യം പകർന്നെടുത്ത് പരമ്പരകളെ നയിക്കാൻ ആ മഹാത്മാക്കളെ സാക്ഷാത്കരിച്ച ശിഷ്യൻ ഇല്ലാതെ പോയി. ഇതുതന്നെയായിരുന്നു ഗാന്ധിജിയുടെയും മാർക്സിന്റെയും അനുഭവങ്ങൾ എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഈ ചരിത്രപശ്ചാത്തലത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ ശാന്തിഗിരിയുടെ അനുഭവം വ്യതിരിക്തമാകുന്നു. ഗുരുവിന്റെ ത്യാഗസമ്പൂർണ്ണമായ ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ ശാന്തിഗിരി പ്രസ്ഥാനത്തിന്റെ തുടക്കത്തിൽ ആശ്രമോദ്ദേശ്യമെന്തെന്ന് ബ്രഹ്മത്തിൽ നിന്നും പറഞ്ഞുകിട്ടി. “ഈ പരമ്പരയിൽ എക്കാലത്തും ആത്മീയാനുഭൂതിയുള്ള ഒരു ഗുരു ഉണ്ടായിരിക്കും” എന്ന വാക്ക് ഇക്കൂട്ടത്തിൽ പറഞ്ഞുകിട്ടിയതാണ്. ഈ വാക്കിന്റെ സത്യസാക്ഷാത്കാരമാണ് അഭിവന്ദ്യ ശിഷ്യപൂജിത.ഗുരുവിനെ സാക്ഷാത്കരിക്കുക എന്നത് ശിഷ്യനെ സംബന്ധിച്ചിടത്തോളം ആത്മസമർപ്പണത്തിന്റെ പൂർണ്ണിമയാണ്. ശിഷ്യൻ തന്റെ ആത്മാവിനെ ഗുരുവിങ്കൽ സമർപ്പണം ചെയ്ത് ഗുരുത്വം പ്രാപിക്കുകയാണ്. കാലാന്തരങ്ങളിലെ ജന്മജന്മാന്തരങ്ങളിൽ ഗുരുശിഷ്യബന്ധത്തിലൂടെ ആർജിച്ച അളവറ്റ പുണ്യത്തിന്റെ ഭാഗ്യത്തിന്റെ അവകാശത്തിന്റെ കർമ്മപൂർത്തീകരണത്തിന്റെ വിജയം കൂടിയാണിത്. ഇതോടു ചേർത്തുവായിക്കാവുന്ന ഗുരുവിന്റെ വാക്കുകൾ ഇവിടെ സ്മരണീയമാണ്. “ഗുരുധർമ്മം അനന്തവും അപരിമേയവുമാണ്. അണുവിലും അഖണ്ഡത്തിലും ആരാധനാമൂർത്തിയിലും ഗുരു ദർശനദാതാവാണ്. ത്രികാലങ്ങളെ ദർശിച്ചു തെളിഞ്ഞവനും തെളിയിക്കുന്നവനും ആവർത്തിച്ചു നിവർത്തിക്കുന്നവനുമാണ്. ദേവനും ഗുരുവും തമ്മിലുള്ള വ്യത്യാസം വളരെ വലുതാണ്. ഇതു മനസ്സിലാക്കാൻ കഴിയാതെയുള്ള ജീവിതം നിഷ്പ്രയോജനകരമാണ്. ഇപ്രകാരമുള്ള ഗുരുവിന്റെ അനുഭവസ്ഥനായ ശിഷ്യന്റെ മുമ്പിൽ ദേവീദേവന്മാർ ഒരു കാര്യമേ അല്ല.” ദൈവത്തിൽ നിന്ന് ലോകത്തിന് അവകാശപ്പെട്ടുകിട്ടിയ ഈ കാരുണ്യം ഓരോരുത്തരിലേക്കും പകർന്നെത്തിക്കേണ്ട ദൗത്യമാണ് പൂജിതപീഠം സമർപ്പണത്തിന്റെ വാർഷികാഘോഷവേളയിൽ നാം പ്രവർത്തിച്ചെത്തിക്കേണ്ടത്. ഇതിനായി നമ്മളെ പ്രാപ്തരാക്കണമേയെന്ന് നമ്മുടെ സർവ്വസ്വവുമായ ഗുരുവിനോട് പ്രാർത്ഥിച്ചു സമർപ്പിക്കുന്നു.

# രാജസ്ഥാൻ ഗ്രാമീണരുടെ മനസ്സിൽ കൂടുകൂട്ടി ശാന്തിഗിരി സിദ്ധ മെഡിക്കൽ സംഘം

**നന്ദൻ.വി.ബി. കൊഞ്ചിറ**

രാജസ്ഥാനിലെ അൻവാർ ജില്ലയിൽ ഘട്ടാർ എന്ന ഗ്രാമത്തിൽ സൂര്യവെളിച്ചത്തിന് അഗ്നിയിൽ നിന്നെന്നപോലുള്ള താപം. കിഴക്കുനിന്ന് തലയുയർത്തി പകലിന്റെ സാന്നിദ്ധ്യം അറിയിച്ച് മണിക്കൂറുകൾക്കകം തന്നെ സൂര്യന്റെ താപരശ്മികൾക്ക് കനം കൂടികഴിഞ്ഞിരുന്നു. താങ്ങാനാകാത്ത ചൂടിൽപ്പെട്ട് ഉഴലുമ്പോൾ സൂര്യനെ ശപിക്കുന്ന പാവം ഗ്രാമീണർ അറിയുന്നില്ല, തങ്ങളുടെ മേൽ വീഴുന്ന താപത്തിന് കാരണം സൂര്യൻ മാത്രമല്ല ചുറ്റിനുമുള്ള വ്യവസായശാലകൾ വമിക്കുന്ന വിഷപ്പുക കൂടിയാണെന്ന യാഥാർത്ഥ്യം.അൻവർ ജില്ലയിലെ അടുത്തടുത്ത ഗ്രാമങ്ങളായ ഹർചന്ദ്പൂർ, ഘട്ടാൽ, സെയ്ദ്പൂർ, അലംപൂർ, മിൽക്കാപൂർ, ബിവാഡി എന്നിവിടങ്ങളിലായി മുപ്പത് കിലോമീറ്റർ ചുറ്റളവിൽ 2600ലധികം കമ്പനികളാണുള്ളത്. മതിയായ സുരക്ഷാസംവിധാനങ്ങൾ പാലിക്കാതെയാണ് ഇവയിൽ മിക്കതും പ്രവർത്തിക്കുന്നത്. ജലവും അന്തരീക്ഷവും മലിനമാണ്. അതിന്റെ ഫലമാണ് പാവം സാധാരണ ഗ്രാമീണർ അനുഭവിക്കുന്നത്. നിഷ്കളങ്കരും നിസഹായരുമായ, അന്നന്ന് വേലചെയ്ത് അന്നന്നത്തെ ആഹാരം തരപ്പെടുത്തുന്ന സാധാരണ മനുഷ്യരാണ് ഈ ഗ്രാമങ്ങളിലെ ഭൂരിപക്ഷം നിവാസികളും.

ഇവിടെ ആറുഗ്രാമങ്ങളിൽ ശാന്തിഗിരി സിദ്ധവിഭാഗം സംഘടിപ്പിച്ച സൗജന്യ സിദ്ധ മെഡിക്കൽ ക്യാമ്പുകൾ വിജയകരവും ഫലപ്രദവുമായി. രണ്ടായിരത്തോളം ആൾക്കാരെ പരിശോധിച്ച് അവരുടെ രോഗങ്ങൾ തിരിച്ചറിഞ്ഞ് ആവശ്യമായ മരുന്നുകൾ നിശ്ചയിച്ച് നൽകി. ഓരോരുത്തരുടേയും ജീവിതസാഹചര്യത്തിനനുസരിച്ചുള്ള വിശകലനമാണ് ശാന്തിഗിരിയിൽ നിന്നുള്ള വിദഗ്ധരടങ്ങുന്ന മെഡിക്കൽ സംഘം നടത്തിയത്. സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ സിദ്ധ എന്ന കേന്ദ്രസർക്കാർ സ്ഥാപനം ശാന്തിഗിരിയുടെ ഈ പ്രവർത്തനത്തെ ഏറ്റവും മികച്ച ഫലപ്രദമായ പ്രവർത്തനമായി കണ്ടെത്തുകയും ഒന്നാം സ്ഥാനം നൽകുകയും ചെയ്തു.

ഇവിടെ, ഹർചന്ദ്പൂർ ഗ്രാമത്തിൽ ഒരു അംഗൻവാടിയിൽ കുറേ ആൾക്കാർ കൂടിനിൽപ്പുണ്ട്. അവരിൽ എല്ലാവരും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ വിവിധതരം രോഗങ്ങളാൽ വിഷമിക്കുന്നവരാണ്. അംഗൻവാടിയിൽ ഒരു മെഡിക്കൽ ക്യാമ്പ് നടക്കുന്നുണ്ട്. സൗജന്യമായി പരിശോധനയും മരുന്നും തുടർ ചികിത്സയും ലഭിക്കുമെന്നറിഞ്ഞാണ് ഒരു ദിവസത്തെ പണി ഉപേക്ഷിച്ച് ഗ്രാമീണർ എത്തിയിരിക്കുന്നത്. കൂടുതൽപേരും ശ്വാസകോശ സംബന്ധമായ വൈഷമ്യം അനുഭവിക്കുന്നവരാണ്.

അംഗൻവാടിയിൽ ഒരു യുവഡോക്ടർക്കുചുറ്റും ഗ്രാമീണർ നിന്ന് അവരുടെ ശാരീരികവിഷമതകൾ വിവരിക്കുകയാണ്. ക്ഷമയോടും സഹിഷ്ണുതയോടും അനീഷ്.എസ്.മുരുകൻ എന്ന യുവഡോക്ടർ അതെല്ലാം കേൾക്കുന്നുണ്ട്. എല്ലാം കഴിഞ്ഞ് ഡോക്ടർ നൽകുന്ന നിർദ്ദേശങ്ങൾ അവർ സാകൂതം കേട്ടശേഷം നൽകുന്ന മരുന്ന് സൗമ്യതയോടെ നന്ദിപൂർവം വാങ്ങി പുറത്തിറങ്ങുന്നു.

സിദ്ധദിനത്തോടനുബന്ധിച്ച് ശാന്തിഗിരി രൂപംനൽകിയ ഒരു ആരോഗ്യസംരക്ഷണ യജ്ഞമാണ് ഇവിടെ നടക്കുന്നത്. രാജസ്ഥാനിലെ ഗ്രാമങ്ങളിൽ ആരോഗ്യ വൈഷമ്യങ്ങൾ അനുഭവിക്കുന്ന സാധാരണ ജനങ്ങളെ ആരോഗ്യജീവിതത്തിലേക്ക് കൊണ്ട് വരുക എന്ന യജ്ഞം. ഇതിന്റെ ഭാഗമായി രാജസ്ഥാനിലെ അൾവാർ ജില്ലയിൽ ആറ് ഗ്രാമങ്ങളാണ് ശാന്തിഗിരി തെരഞ്ഞെടുത്തത്. ഇവിടങ്ങളിലെല്ലാം കഴിഞ്ഞ ഒരു വർഷക്കാലം ഒരു ക്യാമ്പ് വീതം സംഘടിപ്പിച്ചു. ഇത്തരത്തിൽ ആറിടത്തായി നൂറോളം സിദ്ധ മെഡിക്കൽ ക്യാമ്പുകളാണ് ശാന്തിഗിരി സംഘടിപ്പിച്ചത്. ഇതിനെല്ലാം നേതൃത്വം നൽകിയ ഡോ. അനീഷിന്റെ അനുഭവം – 'തികച്ചും സാധാരണക്കാരായ ആൾക്കാരെയാണ് എനിക്ക് കാണേണ്ടി വന്നത്. നിഷ്കളങ്കരാണവർ. വളരെ ബഹുമാനത്തോടെയും സൗമ്യതയോടെയുമാണ് അവർ എന്നോട് സംസാരിച്ചതുതന്നെ.അവരോട് കിന്നാരം ചോദിക്കുന്നതുപോലെ രോഗവിവരങ്ങൾ തിരക്കണം. രോഗവിവരം വിശദീകരിക്കാൻ അവർക്കറിയില്ല. ആളെ കാണുമ്പോൾ ഒരു ഭിഷഗ്വരൻ എന്ന നിലയിൽ അയാൾക്ക് എന്തൊക്കെ രോഗം ഉണ്ടാകാം എന്നു മുൻകൂട്ടി സംശയിക്കാനാകും. ഈ വിലയിരുത്തൽ മനസ്സിലിട്ടാണ് രോഗിയോട് സംസാരിക്കുന്നത്. എന്നോടൊപ്പം ഡോ. ജിത്തുപ്രകാശും ഡോ. കിരൺസന്തോഷും ആൾക്കാരുമായി സമർത്ഥമായി ഇടപഴകി. മിക്കവാറും നമ്മൾ സംശയിച്ച വിഷമതകൾ അയാൾക്കുണ്ടാകും. സിദ്ധയിൽ അവർക്ക് വേണ്ട എല്ലാവിധ ഔഷധങ്ങളും ഉണ്ട്. കൊടുക്കുന്ന മരുന്നുകൾ ഞങ്ങൾ നിർദ്ദേശിച്ചതുപ്രകാരം സേവിച്ചവർക്ക് രോഗശമനം ഉണ്ടായി. അൽവാർ ജില്ലാകളക്ടർ രാജൻ വിഷാൽ ഗ്രാമങ്ങളിൽ എല്ലാവിധ പിന്തുണയും നൽകി'.

കേരളത്തിലും നിരവധി മെഡിക്കൽ ക്യാമ്പുകൾ നടക്കുന്നുണ്ട്. അതൊന്നും ഫലപ്രദമാണെന്ന് ഉറപ്പിച്ച് പറയാൻ സംഘാടകർക്ക് പോലും കഴിയില്ല. എന്നാൽ ശാന്തിഗിരി സിദ്ധ വിഭാഗം രാജസ്ഥാൻ ഗ്രാമങ്ങളിൽ നടത്തിയ മെഡിക്കൽ ക്യാമ്പ് തികച്ചും ഫലപ്രദവും ഗ്രാമീണർക്ക് ഗുണകരവുമായിരുന്നു. ഖട്ടാൽ ഗ്രാമത്തില കൗൺസിലർ നരേന്ദർ, ഹർചന്ദ്പുരിലെ കൗൺസിലർ ധർമ്മേന്ദർ തുടങ്ങിയുള്ള നിരവധി ജനപ്രതിനിധികൾ മെഡിക്കൽ ക്യാമ്പിനെ ആവേശത്തോടെയാണ് വീക്ഷിച്ചത്. അവരുടെ ഗ്രാമത്തിൽ ഇത്ര ആത്മാർത്ഥമായി അർപ്പണ മനോഭാവത്തോടെയും ഇത്തരത്തിലൊരു ആരോഗ്യപ്രവർത്തനം നടത്തിയിട്ടില്ലെന്നാണ് അവർ സാക്ഷ്യപ്പെടുത്തുന്നത്. ഗ്രാമങ്ങളിലെ സർക്കാർ സ്ക്കൂളുകൾ, സ്വകാര്യ സ്ക്കൂളുകൾ, അംഗൻവാടികൾ എന്നിവിടങ്ങളിൽ വച്ചാണ് ശാന്തിഗിരിയുടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചത്. ക്യാമ്പുകൾക്ക് മുന്നോടിയായി ശാന്തിഗിരി സിദ്ധ വിഭാഗത്തിലെ മെഡിക്കൽ ടീം ഗ്രാമങ്ങളിൽ ഇറങ്ങി നടന്ന് ബോധവൽക്കരണം നടത്തിയാണ് ക്യാമ്പിലേക്ക് ആൾക്കാരെ എത്തിച്ചത്. ഇവരെകൂടാതെ ഗ്രാമത്തിലെ തലവന്മാരും ജനപ്രതിനിധികളും സഹകരിച്ചു. ശ്വാസകോശസംബന്ധമായ രോഗമുള്ളവർ, രക്തസമ്മർദ്ദമുള്ളവർ, വയറുസംബന്ധമായി രോഗംബാധിച്ചവർ, തൊലിപ്പുറത്തെ രോഗവും പേറിനടക്കുന്നവർ, പ്രമേഹവും വിളർച്ചയും ബാധിച്ചവർ ഇങ്ങനെയുള്ളവരാണ് ക്യാമ്പിലെത്തി മരുന്നുകൾ വാങ്ങിയത്. ഡോക്ടറുടെ നിർദ്ദേശങ്ങൾ പാലിച്ചവർക്ക് രോഗം പൂർണ്ണമായും ഭേദമായിട്ടുണ്ടെന്നു തന്നെയാണ് നാട്ടുകാർ പറയുന്നത്. ചില ജനപ്രതിനിധികളും ഇത് സാക്ഷ്യപ്പെടുത്തുന്നു. എല്ലാ ആഴ്ചയും മെഡിക്കൽ ക്യാമ്പുകൾ മുടങ്ങാതെ ശാന്തിഗിരി സംഘടിപ്പിച്ചു. അതുകൊണ്ട് തന്നെ ഒരു സ്ഥിരം ആശുപത്രിയിലെത്തുന്ന അനുഭവമാണ് ഗ്രാമീണർക്കുണ്ടായത്.

ഇപ്പോൾ നടന്നുവരുന്ന ആരോഗ്യപ്രവർത്തനം രണ്ട് വർഷക്കാലം തുടരാനാണ് സിദ്ധവിഭാഗത്തിന്റെ തീരുമാനം. അങ്ങനെയെങ്കിൽ ചില ഗുരുതരമായ രോഗങ്ങൾ രാജസ്ഥാനിലെ ഈ ഗ്രാമങ്ങളിൽ നിന്നും തുടച്ചുമാറ്റാനാകുമെന്നുതന്നെയാണ് വിശ്വാസം. ശാന്തിഗിരിയും സിദ്ധ ചികിത്സയും ഇന്ന് അൻവാർ ജില്ലയിലെ ഗ്രാമീണരുടെ നിത്യജീവിതത്തിലെ ഒഴിച്ചുകൂടാനാകാത്ത ഘടകമായി മാറി കഴിഞ്ഞു. അവരുടെ വിശ്വാസവും സന്തോഷവും ശാന്തിഗിരിയെ ഇനിയും ഇത്തരം സത്കർമ്മങ്ങൾ ചെയ്യാനുള്ള പ്രചോദനമാകുകയാണ്.

## സിദ്ധയിൽ നേടി ജനങ്ങളിൽ അർപ്പിച്ച് ഒന്നാമനായി

നെയ്യാറ്റിൻകരയിലെ തെക്കൻ ഗ്രാമമായ ചെങ്കൽ വ്ളാത്താങ്കരയിൽ നിന്നും ശാന്തിഗിരി സിദ്ധമെഡിക്കൽ കോളേജിലെത്തി സിദ്ധവൈദ്യത്തിൽ ബിരുദം നേടി പുറത്തിറങ്ങുമ്പോൾ അനീഷ് കരുതിയില്ല രാജസ്ഥാൻ ഗ്രാമീണരുടെ മനസ്സിലെ പൊൻകിളിയാകുമെന്ന്. 26കാരനായ ഈ ഭിഷഗ്വരൻ ഇന്ന് രാജസ്ഥാനിലെ ഖട്ടാൽ, മഹേശ്വര, തിജാറ തുടങ്ങി ആറ് ഗ്രാമങ്ങളിലെ ജനങ്ങളുടെ പ്രിയ നായകനാണ്. മാത്രമല്ല, സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ സിദ്ധ എന്ന കേന്ദ്ര സർക്കാർ സ്ഥാപനം 2018ലെ മികച്ച ആരോഗ്യ പ്രവർത്തനത്തിനുള്ള ഒന്നാം സ്ഥാനം നൽകി ആദരിച്ചിരിക്കുകയാണ്. രണ്ടാമത് ദേശീയ സിദ്ധ ദിനത്തോടനുബന്ധിച്ച് സി.സി.ആർ.എസ് സിദ്ധചികിത്സാരംഗത്തെ മികച്ച സക്സസ് സ്റ്റോറികൾ കണ്ടെത്തുന്നതിന് ദേശീയതലത്തിൽ തന്നെ ഒരു മത്സരം സംഘടിപ്പിച്ചിരുന്നു. നടപ്പിലാക്കിയ മികച്ച ആരോഗ്യപ്രവർത്തനെത്തെക്കുറിച്ചുള്ള വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ച പ്രബന്ധങ്ങളാണ് മത്സരത്തിനായി ക്ഷണിച്ചിരുന്നത്. ഇതിൽ ഡോ. അനീഷ്.എസ്.മുരുകൻ സമർപ്പിച്ച പേപ്പറിനാണ് ഒന്നാം സ്ഥാനം ലഭിച്ചത്. ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ഫലകവുമാണ് അവാർഡ്. അനീഷിനെ പോലെതന്നെ ശാന്തിഗിരി സിദ്ധവിഭാഗവും ഇതിൽ അഭിമാനം കൊള്ളുകയാണ്.



*ഡോ. അനീഷ് എസ്. മുരുകൻ*

നെയ്യാറ്റിൻകര വ്ളാത്താങ്കരയിലെ ചെറുഗ്രാമത്തിൽ വന്ദനത്തിൽ ആർ. മുരുകന്റേയും സുനിമുരുകന്റേയും മകൻ അനീഷ് 2016ലാണ് ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ നിന്നും പഠിച്ചിറങ്ങിയത്. കോടതിയിലെ പ്യൂൺ പണിയിൽ നിന്നും എണ്ണിചുട്ട അപ്പംപോലെ കിട്ടുന്ന സർക്കാർ ശമ്പളം മകനെ മെഡിക്കൽ വിദ്യാഭ്യാസം നടത്തിക്കാൻ പര്യപ്തമായിരുന്നില്ല. സാധാരണക്കാർ ചെയ്യുന്നതുപോലെ ബാങ്ക് വായ്പയുടെ പിൻബലത്തിലാണ് അനീഷ് പഠനം പൂർത്തിയാക്കിയത്. കുടുംബത്തിൽ അച്ഛനു മാത്രമാണ് ചെറുതെങ്കിലും ഒരു സർക്കാർ ജോലിയുള്ളത്. അച്ഛന്റെ സഹോദരങ്ങളെല്ലാം കൂലിപണിചെയ്താണ് ജീവിക്കുന്നതെന്ന് അനീഷ് പറയുന്നു. കരുണ.എസ്.മുരുകനും പ്രമീള.എസ്.മുരുകനുമാണ് അനീഷിന്റെ സഹോദരങ്ങൾ.

ശാന്തിഗിരി മെഡിക്കൽ വിഭാഗത്തിൽ ചേർന്ന് ഡൽഹിയിൽ സേവനത്തിലിരിക്കുമ്പോഴാണ് രാജസ്ഥാൻ പ്രോജക്റ്റിന്റെ ചുമതല എത്തിയത്.ആദ്യമൊരു ശങ്കയായിരുന്നു. പിന്നെ അതൊരാവേശമായി. കുട്ടിക്കാലത്ത് നിറയെ യാതന അനുഭവിച്ച് വളർന്നു വന്ന തനിക്ക് യാതന അനുഭവിക്കുന്ന പാവങ്ങളായ ഗ്രാമീണരുടെ ഇടയിലേക്കിറങ്ങിചെന്ന് അവർക്കുവേണ്ടി പ്രവർത്തിക്കാനുള്ള അവസരം ദൈവം കൊണ്ടുതന്നതാണെന്ന് ഈ യുവഭിഷഗ്വരൻ തിരിച്ചറിഞ്ഞു. കർമ്മമണ്ഡലം വ്യക്തമായതോടെ അനീഷ് അതിൽ മനസ്സർപ്പിച്ചു. ഫലം ലഭിച്ചു. സി.സി.ആർ.എസിന്റെ ഏറ്റവും മികച്ച സക്സസ് സ്റ്റോറിക്കുള്ള ഒന്നാം സ്ഥാനം. 'അവാർഡ് ലഭിച്ചെന്ന വിവരം അറിഞ്ഞപ്പോൾ ഞാൻ ആദ്യം പോയത് രാജസ്ഥാനിലെ എന്റെ ഗ്രാമീണരെക്കാണാനാണ്. എനിക്ക് സമ്മാനം കിട്ടിയെന്നറിഞ്ഞപ്പോൾ അവർ ആഹ്ലാദഭരിതരായി. അവരെന്നെ തോളിലേറ്റി നടന്നു. മധുരങ്ങൾ തന്നു. ഇത് അവർക്കുകൂടി ലഭിച്ച അംഗീകാരമായാണ് അവർ കണ്ടത്. ഇന്ന് എനിക്ക് അവരേയും അവർക്ക് എന്നേയും പിരിയാൻ പറ്റാത്ത അവസ്ഥയാണ്'. അനീഷ് സന്തോഷം പങ്കിടുന്നതിങ്ങനെയാണ്.

രോഗത്തിൽ നിന്നും മുക്തിനേടിയവർ കൂപ്പുകൈയുമായി ഈ ചെറുപ്പക്കാരന്റെ ചുറ്റും കൂടിനിൽക്കുന്നതും കുശലങ്ങൾ പറയുന്നതും വ്യക്തമാക്കുന്നത് ശാന്തിഗിരിയുടെ ഒരു സക്സസ് സ്റ്റോറിയാണ്.

# പൂജിതപീഠം സമർപ്പണം 2019 കോഴിക്കോട് ഏരിയ സമ്മേളനം നടന്നു



*പൂജിതപീഠം സമർപ്പണം കോഴിക്കോട് ഏരിയ സമ്മേളനം ഉദ്ഘാടന ചടങ്ങിൽ നിന്ന്*

**കോഴിക്കോട്:** പൂജിതപീഠം സമർപ്പണ വാർഷികത്തോടനുബന്ധിച്ചുള്ള ഏരിയ സമ്മേളനവും ശാന്തിഗിരി ആശ്രമം കക്കോടി ബ്രാഞ്ചിന്റെ അഞ്ചാമത് പ്രതിഷ്ഠാവാർഷികവും ജനുവരി 5 ന് നടന്നു. കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ഡയറക്ടർ എ വി പ്രകാശ് ഉദ്ഘാടനം ചെയ്തു. ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശോഭന ഒ പി അധ്യക്ഷത വഹിച്ചു. ജനനി ദിവ്യ ജ്ഞാനതപസ്വിനി, ജനനി പൂജ ജ്ഞാനതപസ്വിനി, സ്വാമി മധുരനാദൻ ജ്ഞാനതപസ്വി എന്നിവർ മഹനീയ സാന്നിദ്ധ്യം വഹിച്ചു. സ്വാമി മനുചിത്ത് ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തി. കക്കോടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ ചോയിക്കുട്ടി ഉമ്മിണിത്തങ്കം പത്രപ്രകാശനം ചെയ്തു. പ്രളയദുരിത സമയത്ത് രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച ഭാരതീയ മത്സ്യപ്രവർത്തകസംഘം സംസ്ഥാന വൈസ്പ്രസിഡന്റ് എൻ പി രാമകൃഷ്ണനെ ചടങ്ങിൽ ആദരിച്ചു. എൻ. പി വേണുഗോപാൽ, രാധാകൃഷ്ണ് എം, ഹരികൃഷ്ണൻ ജി, ഗിരീഷ് ഇ എം, ചന്ദ്രൻ എം, മുരളിചന്ദ്രൻ സി.ബി, ജിഷ ജനാർദ്ദനൻ, വിഷ്ണു സി രാജൻ, മംഗളം ടി, എന്നിവർ ചടങ്ങിൽ സംസാരിച്ചു. വാർഷികത്തോടനുബന്ധിച്ച് വൈകുന്നേരം ദീപപ്രദക്ഷിണവും തുടർന്ന് കലാപരിപാടികളും ഉണ്ടായിരുന്നു.



*വേൾഡ് കൾച്ചറൽ ടൂറിസം കോൺഫറൻസിൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വിയെ ആദരിക്കുന്നു*

## വേൾഡ് കൾച്ചറൽ ടൂറിസം കോൺഫറൻസിൽ ശാന്തിഗിരിയും

**ഹൈദരാബാദ്:** വേൾഡ് കൾച്ചറൽ ടൂറിസം അസോസിയേഷനും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റും സംയുക്തമായി ഹൈദരാബാദ് ക്യാമ്പസിൽ വച്ച് നടത്തിയ ഇരുപത്തിമൂന്നാമത് ഇന്റർനാഷണൽ ജോയിന്റ് വേൾഡ് കൾച്ചറൽ ടൂറിസം കോൺഫറൻസിൽ ശാന്തിഗിരി ആശ്രമത്തെ പ്രതിനിധീകരിച്ച് സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി പങ്കെടുത്തു. 'ദ റോൾ ഓഫ് ആയുർവേദ ഇൻ ടൂറിസം പ്രൊമോഷൻ ആന്റ് കൾച്ചറൽ എൻറിച്ച്മെന്റ്' എന്ന വിഷയത്തെ ആസ്പദമാക്കി സ്വാമി കോൺഫറൻസിൽ സംസാരിച്ചു. 22 ലോകരാഷ്ട്രങ്ങളിലെ പ്രതിനിധികൾ പങ്കെടുത്ത കോൺഫറൻസിൽ സാംസ്കാരിക സമന്വയത്തിലും തീർത്ഥാടക വിനോദ സഞ്ചാരമേഖലയിലും ശാന്തിഗിരി ആശ്രമം വഹിക്കുന്ന പങ്കിനെക്കുറിച്ച് സ്വാമി പ്രതിപാദിച്ചു.വിവിധ രാജ്യങ്ങളിലെ സംസ്കാരത്തെയും പൈതൃകത്തെയും പ്രതിനിധാനം ചെയ്യുന്ന കലാവിരുന്ന് ചടങ്ങിന് മോടിയേകി.

## ദിവംഗതനായി



*കൈതക്കാട്ടിൽ പത്മനാഭൻ*

**തിരൂർ:** ശാന്തിഗിരി ആശ്രമം തെയ്യാല ബ്രാഞ്ചിന് സ്ഥലം സമർപ്പിച്ച കൈതക്കാട്ടിൽ പത്മനാഭൻ (68) ജനുവരി 8 ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ: പത്മാവതി. തെയ്യാലയിലുള്ള തങ്ങളുടെ സ്ഥലം ഗുരുവിന് സമർപ്പിച്ച് അവിടെയൊരു ആശ്രമം ഉയർന്നുവരണമെന്നത് പത്മനാഭേട്ടന്റെയും ഭാര്യയുടെയും ദീർഘനാളത്തെ ആഗ്രഹമായിരുന്നു. കഴിഞ്ഞവർഷം ഏപ്രിൽ 30 ന് അഭിവന്ദ്യ ശിഷ്യപൂജിത തെയ്യാല ബ്രാഞ്ചിലെ പ്രാർത്ഥനാലയത്തിന്റെ സമർപ്പണകർമ്മം നിർവ്വഹിച്ചിരുന്നു.

## സൗജന്യ ജൈവകൃഷി പഠന ക്ലാസ്സ്

**റിസർച്ച്സോൺ :** ശാന്തിഗിരി അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഇന്ന് രാവിലെ 10 മണിക്ക് ഒന്നാം നമ്പർ ഗെയിറ്റിന് സമീപം പ്രവർത്തിക്കുന്ന ശാന്തിഗിരി കർഷകസഹായ കേന്ദ്രത്തിൽ വെച്ച് സൗജന്യ ജൈവകൃഷി പഠന ക്ലാസ്സ് സംഘടിപ്പിക്കുന്നു. 'മുരിങ്ങ കൃഷിയും ആരോഗ്യവും' എന്ന വിഷയത്തിൽ ബോധവൽക്കരണവും കൂൺ കൃഷി പരിശീലനവും ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർക്ക് പങ്കെടുക്കാം. ഫോൺ : 9633180885

## വിവാഹിതരായി



*അടൂർ പറക്കോട് അഞ്ജലിയിൽ ഡോ. കെ സോമന്റെയും ഗീതാ സോമന്റെയും മകൻ ഡോ. നന്ദു സോമനും ലക്ഷ്മിപുരം ഗുരുകമലത്തിൽ പ്രദീപ്കുമാർ ഡി യുടെയും ഡോ. ഉഷാകുമാരി ബിയുടെയും മകൾ ഡോ. ഗായത്രി പിയും 2019 ജനുവരി 9 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.*

## 'ദന്തസുഖം' പ്രവർത്തനസമയം ദീർഘിപ്പിച്ചു

**പോത്തൻകോട്:** 20 വർഷത്തെ പ്രവർത്തനപാരമ്പര്യമുള്ള ദന്തസുഖം ദന്തൽ ക്ലിനിക്കിന്റെ പ്രവർത്തനസമയം ദീർഘിപ്പിച്ചിരിക്കുന്നു. ഇനി മുതൽ രാവിലെ 9 മണി മുതൽ രാത്രി 8 മണി വരെ ക്ലിനിക് പ്രവർത്തിക്കുന്നതാണ്. നിരതെറ്റിയ പല്ലുകൾ കമ്പിയിട്ട് ക്രമപ്പെടുത്തുന്ന ചികിത്സയും വേദനയുള്ള പല്ലുകൾ എടുത്തുകളയാതെയുള്ള റൂട്ട് കനാൽ ട്രീറ്റ്മെന്റും നഷ്ടപ്പെട്ട പല്ലുകളുടെ സ്ഥാനത്ത് സ്ഥിരമായി ഉറപ്പിച്ചു വയ്ക്കാവുന്ന പല്ലുകൾ ഘടിപ്പിക്കുന്ന ക്രൗൺ ആന്റ് ബ്രിഡ്ജ് ചികിത്സയും ഇവിടെ ലഭ്യമാണ്. ഇരുപത്തിനാല് മണിക്കൂറിനകം നഷ്ടപ്പെട്ട പല്ലുകളുടെ സ്ഥാനത്ത് താൽക്കാലികമായ പല്ലുകൾ വയ്ക്കാനുള്ള സൗകര്യവുമുണ്ട്. കുട്ടികൾക്കായി പ്രത്യേക വിഭാഗവും പ്രവർത്തിക്കുന്നു.

## കുമാരനാശാൻ അനുസ്മരണം

**എജ്യൂക്കേഷൻ സോൺ :** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ ജനുവരി 16 ന് രാവിലെ 10 മണിക്ക് 'ഓർമ്മകളിൽ ആശാൻ' അനുസ്മരണം നടക്കും. സാഹിത്യകാരൻ ഡോ. ജോർജ് ഓണക്കൂർ ഉത്ഘാടനം ചെയ്യും. കുമാരനാശാന്റെ ചരമവാർഷികത്തോടനുബന്ധിച്ചാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

ഈ ലോകം.. ഇവിടെ ചില മനുഷ്യർ

വാമനപുരം മണി









Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala